LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ ചൊക്ലി പഞ്ചായത്തിലെ റോഡ് വികസനം

98 [3353] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിലൂടെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനത്തിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉള്ളതെന്ന് വിശദീകരിക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ചൊക്ലി പഞ്ചായത്തിലെ നാരായണൻപറമ്പ് മോന്താൽ റോഡിനും, വാണ്കണ്ട കോവിലം-അവിലകത്ത് റോഡിന്റെയും നിർമ്മാണ പ്രവർത്തനത്തിന് എത്ര തുക നീക്കിവച്ചുവെന്ന് വെളിപ്പെടുത്താമോ; ഇതിന്റെ നടപടികൾ എവിടംവരെയായി എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഫിഷറീസ് റോഡുകളുടെ പുനരുദ്ധാരണത്തിനായി നബാർഡ് ധനസഹായം തേടിയിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

(ബി) നാരായണൻപറമ്പ്-മോന്താൽ റോഡിന് 12.50 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റാണ് നബാർഡിന് സമർപ്പിച്ചിരിക്കുന്നത്. വാണ്കണ്ട കോവിലം-അവിലകത്ത് റോഡിന്റെ നിർമ്മാണം ബ്ലോക്ക്പഞ്ചായത്ത് മുഖേന നടത്തുന്നതിനാൽപദ്ധതി രൂപരേഖയിൽ ഈ റോഡ് ഉൾക്കൊള്ളിച്ചിട്ടില്ല.

തലശ്ശേരി തലായി ഫിഷിംഗ് ഹാർബർ നിർമ്മാണം

99 [3354] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി തലായി ഫിഷിംഗ് ഹാർബർ നിർമ്മാണം സംബന്ധിച്ച് സംസ്ഥാന സർക്കാരിൽനിന്ന് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും എൻവയോൺമെന്റൽ ക്ലിയറൻസിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

വളരെയധികം പേജുകളുള്ള ബൃഹത്തായ റിപ്പോർട്ടായതിനാൽ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുക പ്രായോഗികമല്ല. ടി പദ്ധതിയുടെ എൻവയോൺമെന്റൽ ക്ലിയറൻസിന് കേന്ദ്ര പരിസ്ഥിതിമന്ത്രാലയം തത്ത്വത്തിൽ അംഗീകരിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ അനുമതി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

കൊടുങ്ങല്ലൂരിൽ അനുവദിച്ച ഫിഷറീസ് റോഡുകൾ

100 [3355] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ ഏതെങ്കിലും ഫിഷറീസ് റോഡുകൾക്ക് ഈ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകൾക്കാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഫിഷറീസ് റോഡുകൾ നവീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) നബാർഡ് സഹായത്തോടെ കൊടുങ്ങല്ലൂരിൽ റോഡുകൾ നവീകരിക്കാൻ ഉദ്ദേശമുണ്ടോ, ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) വള്ളിവട്ടം അഞ്ചങ്ങാടി റോഡ് നവീകരിക്കുന്നതിന് 46,60,000 രൂപയുടെ എസ്റ്റിമേറ്റ് നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

പുതിയകടവിൽ ഫിഷറീസ് റോഡ് നിർമ്മിക്കുന്നതിന് നടപടികൾ

101 [3356] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയകടവിൽ ഫിഷറീസ് റോഡ് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പ്രൊപ്പോസൽ നബാർഡിന്റെ ധനസഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 105 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയും 105 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും മെറ്റലിംഗ്, 3.6 മീറ്റർ വീതിയിൽ ടാറിംഗ് തുടങ്ങിയ 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(സി) ധനസഹായം ലഭിച്ചാലേ ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly